# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2385

## 06-12-2018 ൽ മറുപടിക്ക്

## കിഫ്ബി വഴി അധിക വിഭവ സമാഹരണം

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. സണ്ണി ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അഞ്ച് വർഷം കൊണ്ട് അമ്പത് കോടി രൂപയുടെ വികസനം എന്ന കിഫ്ബിയുടെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 50,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെങ്കിലും 50,000/- കോടി രൂപയിൽക്കവിഞ്ഞ പദ്ധതികൾ ഇതിനോടകം തന്നെ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ 2018 ഒക്ടോബർ 31 വരെ 39,707.73 കോടി രൂപയുടെ 466 പദ്ധതികൾക്ക് അംഗീകാരവും നൽകിയിട്ടുണ്ട്. അംഗീകാരം നൽകിയ പദ്ധതികളിൽ 5,522.60 കോടി രൂപയുടെ 176 പദ്ധതികളുടെ പണി ആരംഭിക്കാൻ കഴിഞ്ഞു. കൂടാതെ 7791.05 കോടി രൂപയുടെ 225 പദ്ധതികളുടെ ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ട്. അംഗീകരിച്ച പദ്ധതികളെല്ലാം ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) കിഫ്ബിയുടെ പദ്ധതികൾ പുനർനിർണ്ണയിച്ച് കൊണ്ട് കിഫ്ബി ഫണ്ട് കേരള പുനർനിർമ്മാണത്തിനായി ഉപയോഗപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; | കിഫ്ബി ഫണ്ട് കേരള പുനർനിർമ്മാണത്തിനായി ഉപയോഗപ്പെടുത്താൻ സർക്കാർ തലത്തിൽ ഇതുവരെ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. എന്നിരുന്നാലും പ്രളയം, അടിസ്ഥാന സൗകര്യ മേഖലയിലുണ്ടാക്കിയ ആഘാതം പരിഹരിക്കുവാൻ കിഫ്ബി ഫണ്ടിംഗ് വഴി നടപ്പിലാക്കുന്ന വൻകിടപദ്ധതികളിൽ പലതും ഉപകരിക്കുമെന്ന് കരുതുന്നു. |
| (സി) സർക്കാരിന്റെ കടപരിധി കേന്ദ്ര സർക്കാർ ഉയർത്താത്ത സാഹചര്യത്തിൽ കിഫ്ബി വഴി അധിക വിഭവസമാഹരണം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾക്കുള്ള വിഭവസമാഹരണത്തിനു പുറമേ മറ്റ് അധിക വിഭവസമാഹരണത്തിന് കിഫ്ബി നിലവിൽ ലക്ഷ്യമിടുന്നില്ല. |

സെക്ഷൻ ഓഫീസർ